IV. സബ്മിഷൻ

(1) ശ്രീ. ഒ. രേത്തന്റെ—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ ജീവനക്കാർ പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്ക്

ശ്രീ. ഒ. രേത്തൻ: സർ, നമ്മുടെ സംസ്ഥാനത്തെ ദശലക്ഷക്കണക്കിന് വരുന്ന ആളുകളെ വളരെ ഗൗരവതരമായ രീതിയിൽ ബാധിക്കുന്ന ഒരു പ്രശ്നത്തെ മുൻനിറുത്തി ഒരു കാര്യം സഭയുടെ മുമ്പിൽ കൊണ്ടുവരണമെന്നാണ് എന്റെ ഉദ്ദേശം. കെ. എസ്. ആർ. ടി. സി. ജീവനക്കാർ വരുന്ന 19-ാം തീയതി അർദ്ധരാത്രി മുതൽ അനിശ്ചിതകാലപണിമുടക്ക് ആരംഭിക്കുകയാണ്. യഥാർത്ഥത്തിൽ അവർ ഇന്നേവരെ അനുഭവിച്ചുവന്നിട്ടുള്ള എല്ലാവിധ ആനുകൂല്യങ്ങളും സംരക്ഷണങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട്, ഇതേവരെ ഉണ്ടായിരുന്ന എഗ്രിമെന്റുകളും റദ്ദാക്കാനും കൂടുതൽ അധ്വാനഭാരം ആ ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കാനുമാണ് ഗവൺമെന്റും കെ. എസ്. ആർ. ടി. സി. മാനേജ്മെന്റും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് എല്ലാ വിഭാഗങ്ങളിലുംപെട്ട ട്രേഡ് യൂണിയൻ സംഘടനകളും കക്ഷി രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളും, സംഘടനാപരമായ അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം വിസ്മരിച്ചുകൊണ്ട് ഒറക്കെട്ടായി ഈ വരുന്ന 19-ാം തീയതി അർദ്ധരാത്രി മുതൽ അനിശ്ചിത കാല പണിമുടക്ക് ആരംഭിക്കാൻ പോകുന്നത് ഇത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. നമ്മുടെ രാജ്യത്തെ ഒരു എഗ്രിമെന്റ് വയലേറ്റ് ചെയ്യാൻ, ആ എഗ്രിമെന്റിൽ പറയുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാൻ പോവുകയാണ് അങ്ങനെ ഇതേവരെ നമ്മുടെ രാജ്യത്ത് ഒരു കീഴ്വഴക്കം ഉണ്ടായിട്ടില്ലായെന്നു മാത്രമല്ല, ഒരു രാജ്യത്തിലും ഇതേവരെ ഈ രീതിയിലുള്ള ഒരു കീഴ് വഴക്കം ഉണ്ടായിട്ടില്ല. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. മാനേജ്മെന്റും ഗവൺമെന്റും ഇന്നേവരെ അവിടത്തെ ജീവനക്കാർ നേടിയെടുത്തിട്ടുള്ള ആനുകൂല്യങ്ങളൊക്കെ റദ്ദ് ചെയ്യാനും പുതിയ അധ്വാനഭാരവും പുതിയ വ്യവസ്ഥകളും ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കാനുമാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിസ്മരിച്ചുകൊണ്ട് ഒറക്കെട്ടായി ഈ സ്ഥാപനത്തിലെ തൊഴിലാളികളും ജീവനക്കാരും പണിമുടക്ക് ആരംഭിക്കാൻ പോകുന്നത്. അടിയന്തിരമായും ഈ പ്രശ്നം ഒഴിവാക്കുന്നതിനുവേണ്ടി അനുരജ്ഞനത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. അനുരജ്ഞനത്തിനുള്ള ശ്രമം ആരംഭിച്ചുകൊണ്ട്, ഈ പണിമുടക്ക് ഒഴിവാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ഗുരുതരമായ ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടാകും. അങ്ങനെ കുഴപ്പമുണ്ടാവുകയാണെങ്കിൽ കൈയുംകെട്ടി നോക്കിനിൽക്കാൻ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും സാധിക്കുകയില്ല. ഈ രാജ്യത്തെ സംഘടിത തൊഴിലാളി വർഗ്ഗത്തിനും സാധിക്കുകയില്ല എന്ന് മാത്രമാണ് എനിക്ക് പറയുവാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും അവിടത്തെ അംഗീകൃത തൊഴിലാളി യൂണിയനുകളും തമ്മിൽ നിലനിന്നിരുന്ന കരാറിന്റെ കാലാവധി 21-7-1982-ൽ കഴിഞ്ഞിരുന്നു. നിരവധി പ്രാവശ്യം മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

കരാറിലെത്താൻ ഇതേവരെ കഴിഞ്ഞിട്ടില്ല. 28-8-1985-ൽ ഈ യൂണിയനു കൾക്ക് അപ്പാർഡ്യുകരം റദ്ദ് ചെയ്യുന്നതിനുള്ള നോട്ടീസ് നൽകി. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ, 12-9-1985-ൽ യൂണിയൻ നേതാക്കളെ അറിയിച്ചിട്ടുള്ളതാണ്. അതിനിടയിലാണ് 13 യൂണിയനുകളും 7 ഡിമാൻറുകളും ഉന്നയിച്ചുകൊണ്ട് 19-ാം തീയതി മുതൽ അനിശ്ചിത കാലത്തേക്ക് പണിമുടക്ക് പ്രഖ്യാപിച്ചത്. ഉടൻതന്നെ ഞാൻ യൂണിയൻ നേതാക്കളെ വിളിച്ചു കൂട്ടുകയും സമരം പിൻവലിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. അത് വിജയപ്രദമാകാത്തതുകൊണ്ട് 16-9-1985 രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുകയും ഒരു ധാരണയിൽ എത്തി. സമരം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യൂണിയൻ നേതാക്കളോട് അഭ്യർത്ഥിക്കുകയും ചെയ്തു, വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് മുഖ്യമന്ത്രി യൂണിയൻ നേതാക്കളോട് സമരം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചത്. പാവപ്പെട്ട പൊതുജനങ്ങളെ ഉപദ്രവിക്കാതിരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിനെ സഹായിക്കണമെന്നാണ് പറഞ്ഞത് ഗവൺമെൻറിന് കെ. എസ്. ആർ. ടി. സി. തൊഴിലാളികളെ ഉപദ്രവിക്കണമെന്ന് യാതൊരു നിർബന്ധവുമില്ല. ഇനിയും അവരുമായി സംസാരിക്കുന്നതാണ്. ഈ സമരം അവർ പിൻവലിക്കുമെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

(2) ശ്രീ. എ സി.. ജോസിന്റെ—സ്റ്റാർ ഇൻഡസ്ട്രീസിലെ സമരം

ശ്രീ. എ. സി. ജോസ്: സർ, കേരളത്തിലെ ഒരു പുതിയ പൊതു മേഖലാസ്ഥാപനമായ സ്റ്റാർ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിലുള്ള മൂന്ന് യൂണിറ്റുകളിൽ ഇന്നു പണിമുടക്ക് നടക്കുകയാണ്. തൃശ്ശൂർ, കോഴിക്കോട്, ചേർത്തല ഈ യൂണിറ്റുകളിലെ ഗുഴുവൻ തൊഴിലാളികളും ആഗസ്റ്റ് അഞ്ചാം തീയതി മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തിവരുകയാണ്. ലേബർ കമ്മീഷണർ അടക്കമുള്ള ആളുകൾ ബന്ധപ്പെട്ടുകൊണ്ടുള്ള 12 കോൺഫറൻസുകൾ നടന്നു. ഈ 12 കോൺഫറൻസുകളിലും അവിടത്തെ തൊഴിലാളി യൂണിയനുകൾ മുന്നോട്ടു വച്ചിട്ടുള്ള ആവശ്യങ്ങളുടെ നേരേ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്നതിന് മാനേജ്മെൻറോ ഡിപ്പാർട്ടുമെൻറോ തയ്യാറാകാത്ത സാഹചര്യത്തിലാണ് യൂണിയനുകൾ കൂട്ടായ സമരം നടത്താൻ നിർബന്ധിതരായിരിക്കുന്നത്. ആഗസ്റ്റ് 5-ാം തീയതി മുതൽ ആരംഭിച്ച സമരം പത്ത്, നാൽപ്പത് ദിവസം കഴിഞ്ഞിട്ടും ഇന്നേവരെ ഒത്തുതീർപ്പിൽ എത്തിക്കുന്നതിനാവശ്യമായ സഹായകരമായ നിലപാട് മാനേജ്മെൻറ് സ്വീകരിച്ചിട്ടില്ല. അവരോട് സംസാരിക്കാൻ പോലും തയ്യാറില്ലാത്ത ഒരു നിലപാടാണ് മാനേജ്മെൻറും ഡിപ്പാർട്ട്മെൻറും സ്വീകരിച്ചിട്ടുള്ളത്. അവിടെ നടക്കുന്ന ധൂർത്തിനെക്കുറിച്ചും അവിടത്തെ മാനേജ്മെൻറ് സ്റ്റാഫിൽപ്പെട്ട ആളുകൾക്ക് ശമ്പളകൂടുതൽ തൈനംദിനമെന്നോണം നൽകി കൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് പൊതുതത്തിൽ അഭ്യർത്ഥിക്കുവാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് വളരെയേറെ വികസന സാദ്ധ്യതയുള്ള സ്റ്റാർ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ രക്ഷിക്കുന്നതിനും അവിടത്തെ തൊഴിലാളികളെ രക്ഷിക്കുന്നതിനും ആവശ്യമായ അനുരഞ്ജനമനോഭാവത്തോടുകൂടിയുള്ള ഒരു സമീപനം സ്വീകരിച്ച് ആ സമരം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly